QP CODE: 24044719

24044719

Reg No : ....................

Name : ....................

# MA DEGREE ( CSS) EXAMINATION, OCTOBER 2024

## Third Semester

MA MALAYALAM

## CORE - ML010303 - MALAYALA NIROOPANAM

2019 ADMISSION ONWARDS

95744EEF

Time: 3 Hours

Weightage: 30

### Part A (Short Answer Questions)

*Answer any **eight** questions.*

*Weight **1** each.*

1. മലയാളത്തിലെ ആദ്യകാല സാഹിത്യവിമർശകരെ പരിചയപ്പെടുത്തുക
2. പ്രസ്ഥാനനിരൂപണം എന്നാലെന്തെന്ന് വിശദമാക്കുക.
3. ഗതാനുഗതികത്വമല്ല നവനവോല്ലേഖകല്പനകളാണ് കവിതയിൽ ആവശ്യമായിട്ടുള്ളത് - വിശദമാക്കുക.
4. സീതയുടെ യശസ്സിൽ മാരാർ കാണുന്ന പുഴുക്കുത്തുകൾ എന്ത്?
5. വിഷാദം, പ്രസാദം എന്നീ ആത്മീയഭാവങ്ങളിൽ മലനാട്ടുകാരായ നാം സ്വീകരിക്കേണ്ടത് ഏത്? എന്തുകൊണ്ട്?
6. സോഷ്യോളജിക്കൽ ക്രിട്ടിസിസം എന്തെന്ന് വിശദമാക്കുക.
7. ആർക്കിടൈപ്പൽ ക്രിട്ടിസിസം എന്നാലെന്ത്?
8. മലയാളത്തിലെ പാരിസ്ഥിതിക നിരൂപണത്തിന്റെ മാതൃകകൾ പരിചയപ്പെടുത്തുക.
9. വാക്കിൽ ഉള്ളടങ്ങുന്ന സമൂഹത്തെ ഇ.വി.രാമകൃഷ്ണൻ തന്റെ പഠനത്തിൽ രേഖപ്പെടുത്തുന്നതെങ്ങനെ?
10. *അന്യാധീനം ആയ രണ്ടിടങ്ങഴി എന്ന ലേഖനത്തിൽ പ്രദീപൻ പാമ്പിരിക്കുന്ന് പിന്തുടരുന്ന വിമർശനരീതിയെക്കുറിച്ച് വിവരിക്കുക.*

(8×1=8 weightage)

### Part B (Short Essay/Problems)

*Answer any **six** questions.*

*Weight **2** each.*

11. കുകവിത്വമാകുന്ന സാംക്രമികരോഗത്തിന്റെ ബീജങ്ങളെ സംഹരിപ്പാനുള്ള വൈദ്യന്മാരായിരിക്കേണ്ടത് പത്രാധിപന്മാരാണ്' - ഈ പ്രസ്താവനയോട് പ്രതികരിക്കുക.

12. രൂപഭദ്രതാവാദം, കല കലയ്ക്കുവേണ്ടി എന്നീ വാദങ്ങൾ മലയാളനിരൂപണരംഗത്തു വരുത്തിയ മാറ്റങ്ങൾ പരിശോധിക്കുക.

13. ജീവൽസാഹിത്യത്തെക്കുറിച്ചും കലയിലെ സൌന്ദര്യബോധത്തെക്കുറിച്ചുമുള്ള ഇ.എം.എസിന്റെ നിരീക്ഷണങ്ങൾ പരിശോധിക്കുക.

14. മലയാളത്തിലെ ഏറ്റവും ആത്മാർത്ഥതയുള്ള കവി ചങ്ങമ്പുഴയാണെന്ന സി.ജെ.തോമസിന്റെ അഭിപ്രായത്തോട് നിരൂപണബുദ്ധ്യാ പ്രതികരിക്കുക.

15. കവിതയുടെ ടോൺ നർമ്മബോധത്തിന്റെ ആവിഷ്കാരത്തിൽ പ്രധാന ഘടകമാകുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദമാക്കുക.

16. ആദ്യന്തം വിരുദ്ധോക്തികൾകൊണ്ടു മെടഞ്ഞ, ഒരുപക്ഷേ മലയാളത്തിലെ പ്രഥമ ദീർഘകാവ്യമാണ് ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം' - ചർച്ചചെയ്യുക.

17. *ദുർബല വിഭാഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ഉത്തരാധുനിക മലയാളനിരൂപണത്തിൽ കൂടുതൽ നിലനിൽക്കുന്നത്– മാതൃകകളെ മുൻനിർത്തി ചർച്ചചെയ്യുക.*

18. ദളിത് വാദ നിരൂപണത്തിന്റെ സാംസ്കാരികതലം വിശദമാക്കുക.

(6×2=12 weightage)

## Part C (Essay Type Questions)

*Answer any **two** questions.*

*Weight **5** each.*

19. ‘പത്രമാസികകളിലാണ് ആദ്യകാല മലയാളനിരൂപണത്തിന്റെ ജീവനാഡി' എന്ന അഭിപ്രായത്തെ മുൻനിർത്തി ആദ്യകാല മലയാളനിരൂപണത്തിൽ പത്രമാസികകളുടെ പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.

20. *മനശ്ശാസ്ത്രരീതികളെ ആവോളം പിന്തുടർന്ന നിരൂപകരാണ് എം. എൻ. വിജയനും ലീലാവതിയും - ഉദാഹരണസഹിതം സമർത്ഥിക്കുക.*

21. *ആധുനിക വിമർശകരുടെ പാശ്ചാത്യസമീപനം മലയാളനിരൂപണത്തെ വിദേശവൽക്കരിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു - വിമർശനബുദ്ധ്യാ ഉപന്യസിക്കുക.*

22. *ഏകപക്ഷീയമായ നിരൂപണമാണ് സ്ത്രീവാദ നിരൂപണവും ദളിത് നിരൂപണവും പരിസ്ഥിതി നിരൂപണവും പിന്തുടരുന്നത് - വിമർശനാത്മകമായി പരിശോധിക്കുക.*

(2×5=10 weightage)